## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1271** **06/02/2020 ൽ മറുപടിയ്ക്ക്**

### സ്കൂൾ കലോത്സവത്തിലെ അപ്പീലുകളുടെ ബാഹുല്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞവർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ലോകായുക്ത അനുവദിച്ച അപ്പീലുകളുടെ അടിസ്ഥാനത്തിൽ മത്സരത്തിൽ പങ്കെടുത്തവർ എത്രപേരാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | 2019 വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 320 അപ്പീലുകളാണ് ലോകായുക്ത വഴി ലഭിച്ചത്. |
| (ബി) | ലോകായുക്തയിൽ അപ്പീൽ നൽകുന്ന സമയത്തു മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥി 10000 രൂപ ഡി.പി.ഐ. ഓഫീസിൽ അടയ്ക്കേണ്ടതുണ്ടായിരുന്നോയെന്നും സംസ്ഥാന കലോത്സവങ്ങളിൽ ലഭിക്കുന്ന അപ്പീലുകൾ കുറയ്ക്കുന്നതിന് പ്രസ്തുത വ്യവസ്ഥ നടപ്പിലാക്കിയതുമൂലം സാധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | സ്കൂൾ കലോത്സവ മാന്വൽ പ്രകാരം അപ്പീൽ നൽകുന്നതിന് 5000 രൂപ നിശ്ചയിച്ചിട്ടുണ്ട്. അതിനുപുറമേ ലോകായുക്തയുടെ ഉത്തരവിൽ കൂടുതൽ തുക അടയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആ തുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അടയ്ക്കണം. 2018 വർഷം അപ്പീൽ വഴി 680 മത്സരാർത്ഥികളാണ് പങ്കെടുത്തത്. 2019 വർഷം മുൻ വർഷത്തേക്കാൾ 38 അപ്പീലുകൾ കുറഞ്ഞിട്ടുണ്ട്. |
| (സി) | അപ്പീലുകളുടെ അനുവാദത്തിന്റെ അടിസ്ഥാനത്തിൽ മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഏതെങ്കിലും സാഹചര്യത്തിൽ അടച്ച തുക തിരികെ നൽകണമെന്ന് ലോകായുക്ത നിർദ്ദേശിച്ചിരുന്നോ; ഇതുപ്രകാരം എത്രപേരുടെ തുക തിരികെ നൽകി; വ്യക്തമാക്കുമോ? | (സി) | സ്കൂൾ കലോത്സവ മാന്വൽ പ്രകാരം അപ്പീൽ മുഖേന പങ്കെടുക്കുന്ന മത്സരാർത്ഥി ജില്ലാ തലത്തിൽ നിന്നും മത്സരിച്ച് വിജയിച്ച മത്സരാർത്ഥിയോടൊപ്പമോ/മെച്ചപ്പെട്ടതോ ആയ സ്കോർ ലഭിച്ചാൽ മാത്രമെ ഗ്രേഡിനും മറ്റ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുകയുള്ളൂ. എന്നാൽ ലോകായുക്തയുടെ അതാത് ഉത്തരവുകളിൽ നിർദ്ദേശിക്കുന്ന തരത്തിൽ മാത്രമേ അപ്പീൽ ഫീ ഇനത്തിലെ തുക തിരിച്ച് നൽകുകയുള്ളൂ. 2019 ൽ 6 മത്സരാർത്ഥി കൾക്ക് ഇപ്രകാരം തുക മടക്കി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ